ശ്രീ. വി. ഗംഗാധരൻ: ആയൂർ എന്ന പ്രദേശം മദ്യനിരോധന മേഖല യിൽനിന്നും ഒഴിവാക്കണമെന്നു കാണിച്ചു നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നു കേൾക്കുന്നതു് ശരിയാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ശരിയല്ല.

ശ്രീമതി ദേവകി ഗോപിദാസ്: ഒരു കാരണവശാലും മദ്യനിരോധനം എർ പ്പെടുത്തിയ താലൂക്കുകളിൽ അവ പിൻവലിക്കാതിരിക്കാൻ ഭയപ്പെടുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പിൻവലിക്കരുതെന്നാണു് ഗവണ്മെണ്ടു് വിചാ രിക്കുന്നതു്.

## മദ്യവർജ്ജന പദ്ധതി

* ൪ ൭൪. (൨൨) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സു വകുപ്പുമന്ത്രി സദയം മറുപടി നല്കു മോ.—

(എ) മദ്യനിരോധനം ഏർപ്പെടുത്തിയ ആദ്യവർഷം ഗവണ്മെണ്ടിനു് എ ത്ര നഷ്ടം ഉണ്ടായി;

(ബി) രണ്ടാമത്തെകൊല്ലം എത്ര നഷ്ടം നേരിട്ടു?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ആദ്യത്തെ വർഷം ൫൩ ലക്ഷം രൂപ.

(ബി) രണ്ടാമത്തെ വർഷം ൭൫ ലക്ഷം രൂപ.

ശ്രീ. സി. സി. പ്രസാദ്: മദ്യനിരോധനത്തിൽ വന്നിട്ടുള്ള നഷ്ടം പരിഹ രിക്കുന്നതിനായിട്ടാണോ സിൻഡർ ബെറീസ് എന്നൊരു മരുന്നു് ഷാപ്പുകളിൽ വില്ക്കാൻ അനുവാദം കൊടുത്തിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ചോദ്യത്തിനു ഉത്തരം പറയാൻ നിവൃത്തി യില്ല.

## മദ്യവർജ്ജനത്തെപ്പറ്റി പൊതുജനാഭിപ്രായം

* ൪൭൩. (൨൩) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സുവകുപ്പുമന്ത്രി സദയം മറുപടി നല്കു മോ.—

(എ) മദ്യനിരോധനം സംബന്ധിച്ചു് പൊതുജനാഭിപ്രായം എന്താണെ ന്നു ഗവണ്മെണ്ടിനറിയാമോ;

(ബി) പൊതുജനാഭിപ്രായം അനുസരിച്ചു പ്രവൃത്തിക്കാൻ ഗവണ്മെണ്ടു് തയാറാവുമോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) അറിയാം. മദ്യനിരോധനം സംബന്ധിച്ചു് പലവിധ പൊതുജ നാഭിപ്രായങ്ങളുമുണ്ടു്.

(ബി) പൊതുജനാഭിപ്രായം അനുസരിച്ചാണു് ഇപ്പോൾ പ്രവൃത്തിക്കു ന്നതു്.

ശ്രീമതി ദേവകിഗോപിദാസ്: മദ്യനിരോധനത്തെപ്പറ്റി എതിരഭിപ്രാ യംവല്ലതും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly